## പതിനാലാം കേരള നിയമസഭ
## 11-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 36 — 04.06.2018-ൽ മറുപടിയ്ക്ക്

## തീരദേശ പരിപാലന നിയമം

| ചോദ്യം<br>ശ്രീ.എ. എൻ. ഷംസീർ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|
| (എ) തീരദേശവാസികൾക്ക് ഭവന നിർമ്മാണം സുഗമമാക്കുന്നതിന് തീരദേശ പരിപാലന നിയമത്തിൽ (CRZ) എന്തെല്ലാം മാറ്റങ്ങളാണ് സർക്കാർ വരുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;<br>(ബി) ആയത് സംബന്ധിച്ച് ഏതെങ്കിലും ഉത്തരവ് ഉണ്ടെങ്കിൽ ലഭ്യമാക്കാമോ? | (എ) & (ബി) | തീരദേശ പരിപാലന നിയമത്തിൽ ഭേദഗതി വരുത്തുന്നത് കേന്ദ്ര സർക്കാരാണ്. ഡോ. ഷൈലേശ് നായക് കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, നിലവിലുള്ള തീരദേശ പരിപാലന നിയമത്തിൽ മാറ്റങ്ങൾ വരുത്തിക്കൊണ്ട് ഒരു കരട് വിജ്ഞാപനം 18.04.2018 ൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് അന്തിമമായി പ്രസിദ്ധീകരിച്ചിട്ടില്ല. കരട് വിജ്ഞാപനത്തിൽ തീരദേശവാസികളുടെ ഭവന നിർമ്മാണം സുഗമമാക്കുന്നതിനായി 300$m^2$ വരെയുള്ള ഭവനങ്ങൾക്ക് തീരമേഖലയിൽ അനുമതി നൽകുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഏർപ്പെടുത്തണമെന്ന് പറഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ